5. The Malappuram Co-operative Spinning Mills Ltd.

6. Alleppey Co-operative Spinning Mills.

7. Kerala State Mineral Development Corporation Ltd.

*(*സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായിവരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്)*

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഗോള പ്രതിസന്ധിമൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലയ്ക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. 2010-11-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന Travancore-Cochin Chemicals, Travancore Cements Ltd എന്നീ സ്ഥാപനങ്ങൾ 2012-13 കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്.

ഡിഫൻസ് പാർക്ക്

211 (4202) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ ഡിഫൻസ് പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യമെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളെയാണ് പ്രസ്തുത പദ്ധതിയിൽ സഹകരണത്തിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രതിരോധ മേഖലയിൽ തന്ത്ര പ്രധാനമല്ലാത്ത ഉപകരണങ്ങളുടെ നിർമ്മാണം നടക്കുന്ന രാജ്യത്തെ പ്രധാന സ്ഥലമായി ഇതിനെ മാറ്റുന്നതരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly